പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3751 11.12.2018-ലെ മറുപടിക്ക്

## ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിക്കുന്ന ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിക്കുന്ന ഡ്രൈവർ /കണ്ടക്ടർ / ചെക്കിംഗ് ഇൻസ്പെക്ടർ തസ്തികകളിലെ ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് കെ.എസ്.ആർ.ടി.സി. നൽകി വരുന്നത്; | (എ) | ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിക്കുന്ന ഡ്രൈവർ/ കണ്ടക്ടർ / ഇൻസ്പെക്ടർ തസ്തികകളിലെ ജീവനക്കാർക്ക് അവശതാവധി, മെഡിക്കൽ റിഇംബേഴ്സ്മെന്റ് എന്നീ ആനുകൂല്യങ്ങൾ നിലവിൽ കെ.എസ്.ആർ. ടി.സി അനുവദിച്ചു വരുന്നുണ്ട്. |
| (ബി) | അപകടം കാരണം ദീർഘനാൾ ജോലി ചെയ്യാൻ കഴിയാതെ വരുന്ന ഇത്തരം ജീവനക്കാർക്ക് എന്തെല്ലാം തരത്തിലുള്ള അവധികളാണ് അനുവദിച്ചുനൽകുന്നത്; ഇവർക്ക് യഥാസമയം അവധി അനുവദിച്ച് നൽകാറുണ്ടോ; | (ബി) | അപകടം കാരണം ദീർഘനാൾ ജോലി ചെയ്യാൻ കഴിയാതെ വരുന്ന ഇത്തരം ജീവക്കാർക്ക് വ്യവസ്ഥകൾ പാലിച്ച് കെ.എസ്.ആർ.ടി.സിയിൽ അവശതാവധി അനുവദിക്കാറുണ്ട്. |
| (സി) | അപകടത്തെത്തുടർന്ന് ശസ്ത്രക്രിയയ്ക്ക് വിധേയരായരാവുകയോ നിലവിലെ തസ്തികയിൽ ജോലി ചെയ്യാൻ കഴിയാതെവരികയോ ചെയ്യുന്ന ജീവനക്കാർക്ക് മറ്റ് തസ്തികകളിലേക്ക് താത്കാലികമായോ സ്ഥിരമായോ ലൈറ്റ് ഡ്യൂട്ടി അനുവദിച്ച് നല്കാറുണ്ടോ; | (സി) | അപകടത്തെത്തുടർന്ന് ശസ്ത്രക്രിയയ്ക്ക് വിധേയരാവുകയോ നിലവിലെ തസ്തികയിൽ ജോലി ചെയ്യാൻ കഴിയാതെവരികയോ ചെയ്യുന്ന ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ ആയാസരഹിത ജോലിയോ, കൂടാതെ സ്ഥിരമായ 40% അംഗവൈകല്യം ഉണ്ടായിട്ടുള്ളവർക്ക് തസ്തികമാറ്റമോ അനുവദിച്ച് നൽകാറുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ ഡ്യൂട്ടിക്കിടയിൽ ഇത്തരത്തിൽ അപകടം സംഭവിച്ച ജീവനക്കാർക്ക് നിലവിലെ തസ്തികയിൽ ജോലി ചെയ്യാൻ നിർവ്വാഹമില്ലാത്തപക്ഷം ഇവരെ അനുയോജ്യമായ മറ്റ് തസ്തികകളിലേക്ക് താത്കാലികമായോ സ്ഥിരമായോ മാറ്റി നിയമിക്കുന്നത് പരിഗണിക്കുമോ? | (ഡി) | ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ച ജീവനക്കാർക്ക് നിലവിലെ തസ്തികയിൽ ജോലി ചെയ്യാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ, മെഡിക്കൽ ഉന്നതാധികാരി അവശതയുടെ തോത് നിർണ്ണയിച്ച് നൽകുന്നതനുസരിച്ച്, വ്യവസ്ഥകൾ പാലിച്ച് മറ്റ് തസ്തികകളിൽ മാറ്റി നിയമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ